LIBRARY ARCHIVES Kerala Legislative Assembly

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ബയോ കൺട്രോൾ ലാബ്

155 (3439) ശ്രീ. പുരുഷൻ കടലുണ്ടി : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജൈവകാർഷിക കേരള പദ്ധതിയുടെ ഭാഗമായി ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ട്രൈക്കോ കാർഡ് തുടങ്ങിയ കീടനിയന്ത്രണ ഉപാധികൾ പ്രാദേശികമായി ഉല്പാദിപ്പിക്കുന്നതിന് ഒരു ബയോ കൺട്രോൾ ലാബ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

പ്രസ്തുത ലാബ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് കൂടുതൽ ചർച്ചകൾ നടത്തി പരിഗണിക്കാൻ കഴിയുമോ എന്ന് പരിശോധിച്ചുവരികയാണ്.

കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള എസ്റ്റേറ്റുകൾ

156 (3440) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ കാസർഗോഡ് ജില്ലയിൽ എത്ര എസ്റ്റേറ്റുകൾ ഉണ്ടെന്നത് വ്യക്തമാക്കാമോ ; ഇവയ്ക്കെല്ലാം കൂടി എത്ര ഏക്കർ ഭൂമി ഉണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ കാസർഗോഡ് ജില്ലയിൽ 3 എസ്റ്റേറ്റുകൾ ഉണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

എസ്റ്റേറ്റിന്റെ പേര്	ഭൂമി സംബന്ധിച്ച വിവരം	വിസ്തീർണ്ണം
കാസർഗോഡ് എസ്റ്റേറ്റ്	സ്വന്തം ഭൂമി	2,293.6 ഹെക്ടർ
രാജപുരം എസ്റ്റേറ്റ്	ലീസ് ലാന്റ്	1,511 ഹെക്ടർ
ചീമേനി എസ്റ്റേറ്റ്	റവന്യൂ എക്സസ് ലാന്റ്	908 ഹെക്ടർ
	ആകെ വിസ്തീർണ്ണം	4,712.6 ഹെക്ടർ